# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

നമ്പർ. 8772/ബി/10/സം.തി.ക. തീയതി: 21.01.2011.

## കേരള ജില്ലാ ആസൂത്രണ കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ

1. ജില്ലാ ആസൂത്രണ കമ്മിറ്റി അംഗങ്ങളായി ഓരോ ജില്ലയിലും തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും മുനിസിപ്പൽ കൗൺസിലർമാരുടെയും മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെയും എണ്ണം 1995 ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗനടപടിക്രമവും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് പുതുക്കി നിശ്ചയിച്ചുകൊണ്ട് 14-01-2011 ലെ സ.ഉ.(സാധ) നം.144/2011/ത.സ്വ.ഭ.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. 2009 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് പ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ അമ്പത് ശതമാനം സ്ത്രീകളും രണ്ട് അംഗങ്ങൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ടവരും അവരിൽ ഒരാൾ സ്ത്രീയും ആയിരിക്കുന്നതാണ്.

2. ജില്ലാ ആസൂത്രണ കമ്മിറ്റിയിലേയ്ക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് വിളിച്ചുകൂട്ടുന്ന യോഗത്തിൽ സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളിലേയ്ക്ക് ആദ്യം തിരഞ്ഞെടുപ്പ് നടത്തേണ്ടതും തുടർന്ന് സംവരണം ചെയ്യപ്പെടാത്ത സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

3. ജില്ലാ പഞ്ചായത്തംഗങ്ങളിൽ നിന്ന് ആദ്യം തിരഞ്ഞെടുപ്പ് നടത്തുന്നത് താഴെപ്പറയുന്ന ക്രമത്തിലായിരിക്കേണ്ടതാണ്. (സംവരണം ചെയ്യപ്പെട്ട ഏതെങ്കിലും വിഭാഗത്തിലെ സ്ഥാനത്തേയ്ക്ക് സ്ഥാനാർത്ഥികൾ ഇല്ലാതെ തിരഞ്ഞെടുപ്പ് നടത്താൻ കഴിയാതെ വന്നാലും ക്രമമനുസരിച്ച് മറ്റ് വിഭാഗങ്ങളിലെ സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്താവുന്നതാണ്)

(1) പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ത്രീകൾക്കായി സ്ഥാനം സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥാനത്തേയ്ക്ക്,

(2) പട്ടിക ജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ടവർക്കായി സംവരണം ചെയ്യപ്പെട്ട മറ്റ് സ്ഥാനത്തേയ്ക്ക്,

(3) സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളിലേയ്ക്ക്,

(4) സംവരണം ചെയ്യപ്പെടാത്ത സ്ഥാനങ്ങളിലേയ്ക്ക്,

4. ജില്ലാ ആസൂത്രണ കമ്മിറ്റിയിലേയ്ക്ക് ജില്ലാ പഞ്ചായത്തംഗങ്ങളുടെ തിരഞ്ഞെടുപ്പിൽ, സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളിലേയ്ക്ക് (3എ) ഉപചട്ടപ്രകാരം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ട സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹയായി പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ഒരു സ്ത്രീ ജില്ലാ പഞ്ചായത്തംഗം ഇല്ലാത്ത സംഗതിയിൽ, അവർക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനത്തേയ്ക്ക് താഴെപ്പറയുന്ന പ്രകാരം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ഒരാളെ തിരഞ്ഞെടുക്കേണ്ടതാണ്.

(എ) പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ഒരു സ്ത്രീ മുനിസിപ്പൽ കൗൺസിലറെ,

(ബി) തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹയായ സ്ത്രീ-മുനിസിപ്പൽ കൗൺസിലർ ഇല്ലാത്തപക്ഷം, പട്ടികജാതിയിലോ, പട്ടികവർഗ്ഗത്തിലോപെട്ട രണ്ടാമതൊരു ജില്ലാപഞ്ചായത്ത് അംഗത്തെ,

(സി) തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹയായ ജില്ലാ പഞ്ചായത്ത് അംഗം ഇല്ലാത്തപക്ഷം പട്ടിക ജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ഒരു മുനിസിപ്പൽ കൗൺസിലറെ,

5. പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ഒരു ജില്ലാപഞ്ചായത്തംഗമോ ഒരു മുനിസിപ്പൽ കൗൺസിലറോ തിരഞ്ഞെടുക്കപ്പെടുകയും ആ വ്യക്തി ഒരു സ്ത്രീയല്ലാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ സ്ത്രീസംവരണത്തിന്റെ കുറവ് നികത്തുന്നതിനായി ഒരു സ്ത്രീ ജില്ലാപഞ്ചായത്തംഗത്തെ അധികമായി തിരഞ്ഞെടുക്കേണ്ടതാണ്.

6. വരണാധികാരി, യോഗം നടത്തുന്ന തീയതി, സമയം, സ്ഥലം എന്നിവ കാണിക്കുന്ന നോട്ടീസ് ജില്ലാ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കും മുനിസിപ്പാലിറ്റികളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കും ഏറ്റവും കുറഞ്ഞത് യോഗതീയതിക്ക് ഏഴ് പൂർണ്ണദിവസങ്ങൾക്ക് മുൻപായെങ്കിലും നൽകേണ്ടതും അത്തരം നോട്ടീസിന്റെ ഒരുപകർപ്പ് വരണാധികാരിയുടെ ഓഫീസിലെ നോട്ടീസ് ബോർഡിലും ജില്ലാ പഞ്ചായത്തിലേയും മുനിസിപ്പാലിറ്റികളിലെയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും നോട്ടീസ് ബോർഡുകളിലും പ്രദർശിപ്പിക്കേണ്ടതുമാണ്.

7. തിരഞ്ഞെടുപ്പ് യോഗത്തിന്റെ ക്വാറം വോട്ടവകാശമുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ പകുതി ആയിരിക്കുന്നതാണ്.

8. ജില്ലാ ആസൂത്രണകമ്മിറ്റിയിലേയ്ക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പിൽ ജില്ലാ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഒരംഗത്തെ പ്രസ്തുത ജില്ലാപഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട മറ്റൊരംഗവും, തിരഞ്ഞെടുക്കപ്പെട്ട മുനിസിപ്പൽ കൗൺസിലറെ ആ മുനിസിപ്പാലിറ്റിയിലേയോ ജില്ലയിലെ മറ്റേതെങ്കിലും മുനിസിപ്പാലിറ്റിയിലേയോ കൗൺസിലറും ഒരു കോർപ്പറേഷനിലെ കൗൺസിലറെ ആ കോർപ്പറേഷനിലെ മറ്റൊരു കൗൺസിലറും നാമനിർദ്ദേശം ചെയ്യേണ്ടതാണ്. എന്നാൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട അംഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയ്ക്ക് മറ്റൊരംഗത്തിന്റെ നാമനിർദ്ദേശമോ പിന്താങ്ങലോ ആവശ്യമില്ല. ജില്ലാ പഞ്ചായത്തിലെ അംഗങ്ങളുടെ യോഗം **1–2–2011** ന് രാവിലെ 11 മണിക്കാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളിൽ നിന്നും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീയെ തിരഞ്ഞെടുക്കുവാൻ കഴിയാതെവരുന്ന സാഹചര്യത്തിൽ അടുത്തദിവസം **2–2–2011** ന് നടത്തുന്ന മുനിസിപ്പൽ കൗൺസിലർമാരുടെ യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളിൽനിന്നും പട്ടിക ജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീയെ തിരഞ്ഞെടുക്കേണ്ടതാണ്. അപ്രകാരം തിരഞ്ഞെടുക്കപ്പെടാൻ കഴിയാതെവരുന്ന സാഹചര്യത്തിൽ വീണ്ടും അതായത് **2–2–2011** ഉച്ചയ്ക്ക്ശേഷം ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ യോഗം ചേരേണ്ടതാണ്. പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളിൽനിന്ന് പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ഒരു ജില്ലാ പഞ്ചായത്ത് അംഗത്തെ തിരഞ്ഞെടുക്കപ്പെടേണ്ടതാണ്. മേൽപറഞ്ഞപ്രകാരം തിരഞ്ഞെടുക്കുന്നതിന് അർഹമായ ജില്ലാ പഞ്ചായത്തംഗം ഇല്ലാത്തപക്ഷം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉള്ള ഒരംഗത്തെ തിരഞ്ഞെടുക്കുന്നതിന് വീണ്ടും മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം 2011 ഫെബ്രുവരി 5-ാം തീയതി വരണാധികാരി വിളിച്ചുകൂട്ടേണ്ടതാണ്.
മത്സരിക്കുന്ന സ്ഥാനാർത്ഥികൾ നാമനിർദ്ദേശപത്രികകൾ യോഗം ആരംഭിക്കുന്നതിനുമുമ്പായി വരണാധികാരിക്ക് സമർപ്പിക്കേണ്ടതാണെന്ന വിവരം അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

പി.കമാൽകുട്ടി,
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.